പതിമൂന്നാം കേരളനിയമസഭ
പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 228</u> <u>30.11.2015 ൽ മറുപടിക്ക്</u>

<u>ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, ഹൈബി ഈഡൻ<br>,, സി.പി.മുഹമ്മദ്<br>,, വർക്കല കഹാർ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ലഹരി മാഫിയകളെ ഇല്ലാതാക്കുക, വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപഭോഗവും, വ്യാപനവും ഇല്ലാതാക്കുക, ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക, ലഹരിരഹിതവും സുരക്ഷിതവുമായ കാമ്പസ് അന്തരീക്ഷം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഈ പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്. NDPS Act, COTPA, MV Act, Kerala Abkari Act, Kerala Police Act, Juvenile Justice Act, Protection of Children from Sexual Offences Act തുടങ്ങിയ നിയമങ്ങൾ ശക്തമായി നടപ്പിലാക്കുന്നതും ഈ പദ്ധതിയുടെ ലക്ഷ്യങ്ങളിൽപ്പെടുന്നു. |
| (സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ? | (സി) ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗത്തിൽ നിന്നും വിദ്യാർത്ഥികളെ പിന്തിരിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ വിദ്യാലയങ്ങളിൽ ആഭ്യന്തര വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് നിരോധിത ഉൽപ്പന്നങ്ങളുടെ വിൽപന സംബന്ധിച്ച വിവരശേഖരണത്തിന് 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' പദ്ധതിയുടെ സ്കൂൾ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി, ഷാഡോ പോലീസ്, സ്കൂൾ ജാഗ്രതാ സമിതി, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ എന്നിവർക്കാവശ്യമായ നിർദ്ദേശങ്ങൾ |

നൽകിയിട്ടുണ്ട്. സ്കൂൾ, കോളേജ്
ക്യാമ്പസുകളുടെ 100 മീറ്റർ ചുറ്റളവിലുള്ള
സ്ഥലങ്ങളിൽ കഞ്ചാവ്, മയക്കുമരുന്ന്,
പാൻമസാല, പുകയില ഉൽപ്പന്നങ്ങൾ,
അശ്ലീല മാഗസിനുകൾ/സി.ഡി.കൾ
എന്നിവയുടെ വിൽപന കർശനമായി
നിരോധിക്കുകയും, റെയിഡുകൾ നടത്തി
ഇത്തരം ഉൽപന്നങ്ങൾ
പിടിച്ചെടുക്കുകയും കുറ്റക്കാർക്കെതിരെ കർശന
നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.
ലഹരി ഉപയോഗത്തിനെതിരെ
സെമിനാറുകളും പി.ടി.എ. യോഗങ്ങളും
സംഘടിപ്പിക്കുന്നുണ്ട്. ക്ലീൻ ക്യാംപസ് സേഫ്
ക്യംപസ് പദ്ധതിയുമായി ബന്ധപ്പെട്ട് ലഹരി
ഉപയോഗവും വിൽപ്പനയും വിപണനവും
തടയുന്നതിന് സംസ്ഥാന പോലീസ് മേധാവി
ബന്ധപ്പെട്ടവർക്ക് ശക്തമായ
മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ